ഭക്ഷ്യ സുരക്ഷാ പരിപാടിയോടനുബന്ധിച്ച് നെൽകൃഷിക്കുള്ള പ്രത്യേക പാക്കേജ്

205 (5616) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഭക്ഷ്യ സുരക്ഷാ പരിപാടിയോടനുബന്ധിച്ച് നെൽകൃഷിക്കുള്ള പ്രത്യേക പാക്കേജനുസരിച്ച് 2009-2010 സാമ്പത്തിക വർഷത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനായി എന്ന് വിശദീകരിക്കുമോ ;

(ബി) ഈ പാക്കേജിനായി ഈ കാലയളവിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ;

(സി) 2009-2010 കാലയളവിൽ ഈ പദ്ധതിയിൻകീഴിൽ എന്തു തുക ചെലവഴിച്ചു ;

(ഡി) ഈ പദ്ധതിക്ക് വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതത്തിന് പുറമേ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നും എന്തു തുക ധനസഹായമായി ലഭിച്ചിരുന്നു എന്ന് അറിയിക്കുമോ ;

(ഇ) ഈ പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2009-10 സാമ്പത്തിക വർഷം സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയനുസരിച്ച് നെൽകൃഷിക്കുള്ള പ്രത്യേക പാക്കേജനുസരിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനായി 30 പദ്ധതികൾ നടപ്പാക്കി. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) 2009-10 കാലയളവിൽ 3587.56 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പാക്കി. 2010-11-ൽ മൊത്തം 2800 ലക്ഷം രൂപ ചെലവു വരുന്ന വിവിധ ഭക്ഷ്യസുരക്ഷാ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്.

(ഡി) 2010-11-ൽ രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതിയിൽ നിന്നും നെൽകൃഷിക്കായി 4000 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ഇ) ഇത് ഒരു തുടർ പദ്ധതിയും ഘട്ടംഘട്ടമായി നടപ്പാക്കുന്നതുമാണ്. ലക്ഷ്യം കൈവരിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly